ഉത്തരം

(എ) 8-9-2010-ൽ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഓരോ ദേവസ്വം ബോർഡും/ദേവസ്വവും അതാത് ദേവസ്വങ്ങളുടെ കീഴിൽ തീർത്ഥാടന പ്രാധാന്യമുള്ളതും അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതുമായ കുറച്ചുക്ഷേത്രങ്ങളുടെ ഒന്നോ ഒന്നിലധികമോ സർക്യൂട്ടുകൾ കണ്ടെത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ പിൽഗ്രിം സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പിൽഗ്രിം സർക്യൂട്ടുകൾ രൂപപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നേതയുള്ളൂ. പലതും കരട് രൂപത്തിലാണ്. ഇതിന് അന്തിമ രൂപമായിട്ടില്ല.

(സി) മലബാർ ദേവസ്വം ബോർഡ് ബന്ധപ്പെട്ട ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാർ നൽകിയ പ്രൊപ്പോസലുകൾ പരിശോധിച്ചുവരികയാണ്. മറ്റു ദേവസ്വം ബോർഡുകളിലെ ഇതു സംബന്ധിച്ച പ്രവർത്തനം ആരംഭദിശയിലാണ്.

ശബരിമലയിൽ ആവശ്യമായ അരവണ ടിന്നുകൾ ശേഖരിക്കുന്നതിൽ വന്ന വീഴ്ച

240 (1958) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ ഈ വർഷത്തെ തീർത്ഥാടനകാലത്ത് ആവശ്യമായ അരവണ ടിന്നുകൾ ശേഖരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സീസണിൽ അരവണ വിതരണത്തിനുപയോഗിക്കാനുള്ള കണ്ടെയ്നറുകൾ ഗുണനിലവാരമില്ലാത്തതിനാൽ തിരിച്ചയയ്ക്കേണ്ടതായി വന്നിട്ടുണ്ടോ ;

(സി) ഏതു കമ്പനി നൽകിയ കണ്ടെയ്നറുകളാണ് ഇങ്ങനെ ഗുണനിലവാരമില്ലാത്തതിനാൽ നിരസിക്കേണ്ടി വന്നത് ;

(ഡി) ആകെ എത്ര കണ്ടെയ്നറുകളാണ് ഇത്തരത്തിൽ നിരസിച്ചത് ;

(ഇ) കണ്ടെയ്നർ ക്ഷാമംമൂലം അരവണ വിതരണം തടസ്സപ്പെടാതിരിക്കാൻ എന്തൊക്കെ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) നോയിഡയിലുള്ള മോത്തി അഡ്ഹിസിവ്സ് ന്യൂഡൽഹിയിലുള്ള മോത്തി പാക്കേജിംഗ് എന്നീ കമ്പനികൾ സപ്ലൈ ചെയ്തവയാണ് നിരസിക്കേണ്ടി വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മോത്തി പാക്കേജിംഗ് ഇൻഡസ്ട്രീസിന് 30 ലക്ഷം എണ്ണവും മോത്തി അഡ്ഹിസീവ്സിന് 15 ലക്ഷം എണ്ണവും സപ്ലൈ ചെയ്യാൻ ഓർഡർ നൽകിയിരുന്നു. അവ ഗുണനിലവാരമില്ലാത്തതാണെന്നു കണ്ടെത്തിയതിനെ തുടർന്നാണ് നിരസിച്ചത്.

(ഇ) മേൽപ്പറഞ്ഞ 2 സ്ഥാപനങ്ങൾക്കു പുറമേ ക്രിയേറ്റീവ് പായ്ക്ക് ചെന്നൈ, മെസേഴ്സ് ജ്യോതിസ് കോൺസ് ആലുവ, മെസേഴ്സ് ശ്രീ. വിഘ്നേശ്വര പായ്ക്ക്, കൊല്ലം എന്നിവയ്ക്കും കാനുകൾ സപ്ലൈ ചെയ്യാനുള്ള കരാർ നൽകിയിരുന്നു. ഗുണനിലവാരമുള്ള കണ്ടെയ്നറുകൾ സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും കണ്ടെയ്നറുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തടസ്സമില്ലാതെ കണ്ടെയ്നറുകൾ ലഭിക്കുന്നുണ്ട്.

ശബരിമലയിലെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ

241 (1999) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ഏതൊക്കെ പ്രവർത്തനങ്ങളാണ് ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; പുതുതായി ഏതൊക്കെ പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനായി ഉദ്ദേശിക്കുന്നത് ;

(ബി) നിലയ്ക്കലിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന് സ്ഥലം വിട്ടുനൽകി ഇവിടെ പിൽഗ്രിം ഷെൽട്ടർ, ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, യാത്രിനിവാസ് എന്നിവയുടെ നിർമ്മാണം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലയ്ക്കലിൽ ഒരു വിശ്രമപന്തൽ, 400 ലാട്രിനുകൾ, കുടിവെള്ള ശൃംഖല, കുടിവെള്ള സംഭരണികൾ, പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ, പോലീസ് സ്റ്റേഷൻ, ഉദ്യോഗസ്ഥർക്ക് താമസസൗകര്യത്തിനുള്ള 3 ബഹുനില കെട്ടിടങ്ങൾ, ഖരമാലിന്യനിർമ്മാർജ്ജനത്തിനായി 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ, ഡസ്റ്റ് ബിന്നുകൾ, പാർക്കിംഗ് ഗ്രൗണ്ടുകൾ, പള്ളിക്കുളം നവീകരണം എന്നിവ ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ താമസത്തിനായി 2 കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. പമ്പയിൽ 20000 സ്കയർ ഫീറ്റ് വിസ്തീർണ്ണമുള്ള വിശ്രമപന്തൽ 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്റർ ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള ഗാർബേജ് ഷെഡ്, അപ്പാച്ചിമേട്ടിലും നീലിമലയിലും കാർഡിയോളജി സെന്റർ, പമ്പയിൽ 160 ലാട്രിനുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമ സങ്കേതം പമ്പയിൽ നിന്നും പാതയിൽ ലാട്രിൻ ബ്ലോക്കുകൾ, അപ്പാച്ചിമേട് കയറ്റം ലഘൂകരിച്ച് പാത വീതികൂട്ടി കോൺക്രീറ്റ് ചെയ്ത് ബാരിക്കേടുകൾ നിർമ്മിക്കൽ, ചന്ദ്രാനന്ദൻ റോഡ് വീതികൂട്ടി സംരക്ഷണ ഭിത്തി നിർമ്മാണം, അപ്പാച്ചിമേട്, നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര നിർമ്മിക്കൽ എന്നിവ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly